# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3486

18-2-2013-ൽ മറുപടിക്ക്

## സർക്കാർ ഭൂമി കൈയ്യേറി കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി സ്റ്റേറ്റ് ഹൈവേയുടെ ഇരുവശങ്ങളിലുമായി സർക്കാർ ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങളുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പേരാമ്പ്ര ടൗണിൽ പ്രസ്തുത റോഡിന്റെ വശങ്ങളിൽ സർക്കാർ ഭൂമി കയ്യേറി സ്വകാര്യ വ്യക്തികൾ കെട്ടിടങ്ങൾ നിർമ്മിച്ചത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്.പേരാമ്പ്ര ഗ്രാമ പഞ്ചായത്തിലെ വസ്തു നിർണ്ണയ രജിസ്റ്റർ പ്രകാരമുള്ള 7/990,991,992,993,994,995 എന്നീ കടമുറികൾ പൊതുമരാമത്ത് വകുപ്പ് അക്വയർ ചെയ്ത ഭൂമിയിലാണ് നിർമ്മിച്ചിട്ടുള്ളത്. |
| (സി) | ഉണ്ടെങ്കിൽ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയത് എപ്പോഴാണ്; | (സി) | രേഖകൾ പ്രകാരം പ്രസ്തുത കെട്ടിടങ്ങൾ 1987/1988 കാലഘട്ടത്തിലാണ് നിലവിൽ വന്നത്. |
| (ഡി) | കെട്ടിടനിയന്ത്രണ നിയമം നടപ്പിലാക്കിയതിനു ശേഷം പേരാമ്പ്ര ടൗണിൽ സ്റ്റേറ്റ് ഹൈവേയുടെ വശങ്ങളിൽ സർക്കാർ ഭൂമിയിൽ എത്ര കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) | കെട്ടിടനിയന്ത്രണ നിയമം നടപ്പിലാക്കിയതിന് ശേഷം സർക്കാർഭൂമിയിൽ സ്വകാര്യവ്യക്തികൾക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി നല്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | കെട്ടിടനിർമ്മാണ ചട്ടം പരിഗണിക്കാതെ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ പേരുകൾ വ്യക്തമാക്കുമോ; | (ഇ) | പെർമിറ്റ് നല്കിയ ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ പേരാമ്പ്ര ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. |
| (എഫ്) | അനധികൃത കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (എഫ്) | കൈയേറ്റം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് അധികൃതരിൽ നിന്നും പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**